ഉത്തരം

(എ) 99 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 4 എൻ.ജെ.ഡി. ഒഴിവുകൾ നിലവിലുണ്ട്.

(ബി&സി) ഉണ്ട്. പ്രസ്തുത ഒഴിവ് എൻ.ജെ.ഡി. ആയി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ശ്രീ. ലിന്റോ പൗലോസ് സമർപ്പിച്ച അപേക്ഷയിൽ സുജിത് കുമാർ പി.-യുടെ ഒഴിവ് പി.എസ്.സി.-യെ അറിയിക്കണമെന്നായിരുന്നു. ടി ഒഴിവ് എൻ.ജെ.ഡി. ഒഴിവായി പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. അതേസമയം 90-ാം റാങ്ക്കാരനായ ലിന്റോ പൗലോസിന് നിയമന ശിപാർശ നൽകുവാൻ വേണ്ട ഒഴിവുകളൊന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഇ) ഒഴിവുകൾക്കനുസൃതമായാണ് റൊട്ടേഷൻ തയ്യാറാക്കുന്നത് എന്നതിനാൽ നിയമന ശിപാർശ സംബന്ധിച്ച വിവരം മുൻകൂട്ടി പറയുവാൻ സാധിക്കുകയില്ല

കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ പ്രതിഷേധം

377 (355) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനനഗരിയിൽ മദ്യപിച്ചതായി ആരോപിച്ച് കെ.എസ്.ആർ.ടി.സി. ഡ്രൈവറെ പോലീസ് കസ്റ്റഡിയിൽ എടുത്തതിനെ തുടർന്ന് ബസ് ഡ്രൈവർമാർ ബസ് നടുറോഡിൽ നിർത്തിയിട്ട് പ്രതിഷേധിച്ച സംഭവം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) നിയമവിരുദ്ധമായി റോഡ് മദ്ധ്യത്തിൽ വാഹനങ്ങൾ നിർത്തിയിട്ട് ഗതാഗത തടസ്സമുണ്ടാക്കി ജനജീവിതം സ്തംഭിപ്പിച്ചവർക്കെതിരെ സ്വീകരിച്ച ശിക്ഷാ നടപടികളുടെ വിശദവിവരം നല്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1960-ലെ KCS (CCA) 15 ചട്ടപ്രകാരം വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly